GivingFocus



# കൈത്താങ്ങ്-17

(നിർദ്ധരരായ മാനസിക രോഗികൾക്കായി ഒരു കൈ സഹായം)

# GREESHMA FOUNDATION

(A PUBLIC CHARITABLE TRUST) Reg: No.97/04/2015

## മാനസികാരോഗ്യ പരിപാലനകേന്ദ്രം

(MENTAL HEALTH CARE CENTER)

# പ്രവർത്തന റിപ്പോർട്ട്

2015 – ഒക്ടോബർ 1 മുതൽ 2017 മാർച്ച് 31 വരെ

OUR BANK DETAILS: DHANALAXMI BANK, GREESHMA FOUNDATION
SB:A/C NO: 009500100143240,IFSC:DLXB0000095

Address:Vedippurackal House, Opp:KSTA Office, M.O. Ward, Alappuzha,
Phone:0477-2251988,9495162887
Email:greeshmafoundationalappuzha@gmail.com

## ആമുഖം.

ആലപ്പുഴയിലേയും പരിസര പ്രദേശങ്ങളിലേയും വളരെ നിർധനരായ മാനസിക രോഗികൾക്ക് സൗജന്യ ചികിത്സ നൽകി അവരെ ജീവിതത്തിലേക്ക്, സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരിക എന്ന ഉത്തര വാദിത്വമാണ് **'ഗ്രീഷ്മ ഫൗണ്ടേഷൻ'** നൽകുന്നത്.

2015 ഒക്ടോബറിൽ എട്ട് രോഗികളുമായി **'കൈതവന'** വാടക കെട്ടിടത്തിൽ പ്രവർത്തനമാരംഭിച്ച് ഇപ്പോൾ രോഗി കളുടെ എണ്ണം ഇതുപത്തിഅഞ്ചിൽ എത്തി നിൽക്കുകയാണ്

ഈ സഹോദരങ്ങൾക്ക് വേണ്ടി ഡോക്ടറുടെയും, നഴ്സുമാരുടേയും സൗജന്യ സേവനവും മരുന്ന്, കൗൺസി ലിംഗ്, ഡേകെയർ, തൊഴിൽ പരിശീലനവും തീർത്തും സൗജ ന്യമായി നൽകി വരുന്നു. ഈ പ്രവർത്തനങ്ങളെല്ലാം നടത്തു ന്നതിന് മാസം 60,000 രൂപയോളം ഇപ്പോൾ ചിലവ് വരുന്നു ണ്ട്. പൊതുജനങ്ങളിൽ നിന്ന് ലഭിക്കുന്ന സംഭാവന മാത്ര മാണ് ഈ കാരുണ്യ പ്രവർത്തനത്തിന്റെ നിലനിൽപ്പ്.

രോഗികളുടെ എണ്ണം കൂടി വരികയും അതിനനുസ രിച്ച് ചിലവുകൾ വർദ്ധിച്ച് വരികയും ചെയ്യുന്ന സാഹചര്യ ത്തിൽ **'ഗ്രീഷ്മ ഫൗണ്ടേഷന്റെ'** പ്രവർത്തനം സാമ്പത്തിക പ്രതിസന്ധി കാരണം നിർത്തിവെക്കേണ്ട അവസ്ഥയിലാണ്.

ഇപ്പോൾ ആലപ്പുഴയിലെ KSTA ഓഫീസിന് എതിർവ ശത്തുള്ള കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഇതിന്റെ ദൈനംദിന ചിലവുകൾക്ക് വേണ്ട തുക കണ്ടെത്താനുള്ള നെട്ടോട്ടത്തിലാണ് വോളണ്ടിയർമാർ.

താങ്കൾ ഞങ്ങളുടെ ഈ പ്രവർത്തനത്തിൽ പങ്കാളി കളാവുകയും നമ്മുടെ നാട്ടിലെ മാനസിക രോഗം കൊണ്ട് ബുദ്ധിമുട്ടനുഭവിക്കുന്ന സഹോദരങ്ങൾക്ക് സ്വാന്തനമേകാൻ താങ്കളുടെ കഴിവിന്റെ പരമാവധി സഹായിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

സെക്രട്ടറി

## പ്രവർത്തന റിപ്പോർട്ട്

മൂന്നാം വർഷത്തിലേക്ക് പ്രവേശിച്ച് **'ഗ്രീഷ്മ ഫൗണ്ടേഷൻ'** ആലപ്പുഴയിലേയും പരിസര പ്രദേശങ്ങളിലേയും നിർധനരായുള്ള മാനസിക രോഗം ബാധിച്ച സഹോദരങ്ങൾക്ക് സാന്ത്വനം നൽകാൻ ആരംഭിച്ച സംഘടനയാണ്.

2015-ൽ ആലപ്പുഴ കൈതവനയിൽ തുടക്കം കുറിച്ചു. 8 രോഗികളുമായാണ് തുടങ്ങിയത്. ഇപ്പോൾ 25 രോഗികൾക്ക് സേവനം നൽകിവരുന്നു. കോഴിക്കോട് കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന MHATലെ ഡോക്ടർമാരുടെയും കൗൺസിലർ, ഡേകെയർ, കോ.ഓർഡിനേറ്റർമാരുടെയും സേവനമാണ് നമ്മുടെ രോഗികൾക്ക് ലഭ്യമാകുന്നത്.

## ക്ലിനിക്ക് വർക്കിംഗ് ചാർട്ട്

| | | |
|---|---|---|
| ശനി | - | മാനസിക രോഗികൾക്ക് ഒ.പി |
| തിങ്കൾ,ബുധൻ | - | രോഗികൾക്ക് ഡേ കെയർ, തൊഴിൽ പരിശീലനം |
| ചൊവ്വ,വ്യാഴം | - | രോഗികളുടെ വീടുകളിൽ പോയി ചികിത്സ നൽകുന്ന ഹോം കെയർ |
| വെള്ളി | - | ക്ലിനിക്കൽ പ്രവർത്തനങ്ങൾ. |

## ഡേ കെയർ

ക്ലിനിക്കിൽ രജിസ്റ്റർ ചെയ്ത രോഗികൾക്ക് ആഴ്ചയിൽ 2 ദിവസം ഡേ കെയർ നടത്തുന്നു. രോഗികളുടെ മാനസിക മായും ശാരീരികമായുള്ള ആരോഗ്യം ഉയർത്തുക, തൊഴിൽ പരിശീലനം നൽകുക എന്നതാണ് പ്രധാന ഉദ്ദേശങ്ങൾ

## ഹോംകെയർ

രോഗം മൂർഛിച്ച അവസ്ഥയിലും ക്ലിനിക്കിലെ ഒ.പി യിലേക്ക് വരാൻ സാധിക്കാത്തതുമായ രോഗികളുടെ വീടുക ളിലേക്ക് ചെന്ന് ഡോക്ടർ, നഴ്സുമാർ, വളണ്ടിയർമാർ എന്നി വർ അടങ്ങുന്ന സംഘം നൽകുന്ന ചികിത്സാ രീതിയാണ് ഹോംകെയർ.

## തുടർ പ്രവർത്തനങ്ങൾ

നമ്മുടെ നാട്ടിൽ മാനസികരോഗം ബാധിച്ചവരുടെ എണ്ണം കൂടികൂടി വരുന്നു. ചികിത്സക്കും മരുന്നിനും വേണ്ട ഭീമമായ തുകയും രോഗത്തെക്കുറിച്ചുള്ള അറിവില്ലായ്മയും കാരണവും തുടക്കത്തിലേ കൃത്യമായി ചികിത്സ ലഭിക്കാത്ത കാരണത്താൽ രോഗി രോഗം മൂർഛിച്ച് ചികിത്സ നൽകാൻ കഴിയാത്ത അവസ്ഥയിലേക്ക് എത്തപ്പെടുന്നു. ഗ്രീഷ്മ ഫൗണ്ടേഷന് സാമ്പത്തിക ബുദ്ധിമുട്ട് കാരണം 25 രോഗി കൾക്ക് പരിചരണം നൽകുവാനേ സാധിക്കുന്നുള്ളു. നമ്മുടെ നാട്ടിലെ മുഴുവൻ രോഗികളെയും കണ്ടെത്തി എല്ലാവർക്കും പരിചരണം ഉറപ്പ് വരുത്തുക എന്നതാണ് ക്ലിനിക്കിന്റെ മുഖ്യ ലക്ഷ്യം. ഈ ലക്ഷ്യം സാക്ഷാത്കരിക്കാൻ താങ്കളുടെ ശ്രദ്ധയും ഉത്സാഹവും ഉണ്ടാവേണ്ടതുണ്ടെന്ന് സൂചിപ്പിക്കു ന്നു.

## STATISTIC REPORT 2015-2017

| മാസം | ഒ.പിയിൽ കണ്ട രോഗികൾ | രോഗി ഇല്ലാതെ ഒ.പിയിൽ ബന്ധുക്കൾ വന്ന് | പുതുതായി രജിസ്റ്റർ ചെയ്ത രോഗികൾ | മരണപ്പെട്ടവർ | കൊഴിഞ്ഞ് പോയവർ | നിലവിൽ പരിചരണത്തിൽ ഉള്ളവർ | ഹോം വിസിറ്റ് |
|---|---|---|---|---|---|---|---|
| OCTOBER 2015 | 20 | | 10 | | 1 | 9 | 1 |
| NOVEMBER | 26 | 3 | 1 | | 1 | 9 | 10 |
| DECEMBER | 15 | 4 | 2 | | 1 | 10 | 7 |
| JANU 2016 | 28 | 12 | 2 | | | 12 | 11 |
| FEBRUARY | 17 | 16 | 4 | | 2 | 14 | 8 |
| MARCH | 14 | 10 | 2 | 1 | 2 | 13 | 6 |
| APRIL | 47 | 11 | 4 | 1 | | 16 | 10 |
| MAY | 31 | 9 | 1 | | | 17 | 8 |
| JUNE | 26 | 6 | | | | 17 | 9 |
| JULY | 32 | 12 | | | | 17 | 12 |
| AUGUST | 32 | 8 | 3 | | | 20 | 7 |
| SEPTEMBER | 37 | 8 | 1 | | 1 | 20 | 7 |
| OCTOBER | 39 | 8 | 1 | 1 | | 20 | 14 |
| NOVEMBER | 38 | 8 | | | 2 | 18 | 9 |
| DECEMBER | 41 | 8 | 3 | | 1 | 20 | 10 |
| JAN 2017 | 31 | 8 | 2 | 1 | 1 | 20 | 10 |
| FEBRUARY | 27 | 9 | 1 | | | 21 | 6 |
| MARCH | 36 | 12 | 1 | 1 | | 21 | 8 |

### 2015 ഏപ്രിൽമുതൽ 2016 മാർച്ച് വരെ സംഭാവന നൽകിയവരുടെ പേര് വിവരം

| | | |
|---|---|---|
| 1. | രഞ്ജിത്ത് ഗോവിന്ദപണിക്കർ | 5,29,955 |
| 2. | അമ്മിണികുട്ടി അമ്മ പുതുക്കോട് | 72,000 |
| 3. | പരമേശ്വരൻ നായർ യു.എസ്.എ | 33,993 |
| 4. | ഗോവിന്ദപണിക്കർ വെടിപുരക്കൽ | 10,000 |
| 5. | ബോബി ജോർജ് ചങ്ങനാശ്ശേരി | 1000 |
| 6. | ഗ്രീഷ്മ സ്റ്റാഫ് | 1500 |
| 7. | ബോബൻ നിയോഹാർമ ആലപ്പുഴ | 2000 |
| 8. | ആനി മാത്യൂ ടീച്ചർ | 500 |
| 9. | ശക്തി, ശക്തിനിവാസ് | 2000 |
| 10. | ടി.വി സക്കറിയ പോപ്പി കുട | 3000 |
| 11. | സാലിം ഓഫ്സെറ്റ് | 500 |
| 12. | സി.പി സുധാകരൻ സർ & ഗംഗടീച്ചർ | 3000 |
| 13. | ഗോപാലകൃഷ്ണപിള്ളെസർ (Rtd. പ്രിൻസിപ്പൾ) | 2000 |
| 14. | എൻ. രവീന്ദ്രൻ നായർ ( Rtd. ഹെഡ്മാസ്റ്റർ) | 1000 |
| 15. | രാധിക വൈഷ്ണവം പഴവീട് | 1000 |
| 16. | അംബിക രാജ്നിവാസ് പഴവീട് | 1000 |
| 17. | യു.പി ഉണ്ണികൃഷ്ണൻ വരിക്കാശ്ശേരി തൃശ്ശൂർ | 1000 |
| 18. | ഗീത പി.എ ഗാലക്സി വിൻഡ്സോർ EKM | 1000 |
| 19. | മാലതി അമ്മടീച്ചർ കരുവേലി | 2500 |
| 20. | കല്ലേലി രാഘവൻ പിള്ള സർ (Rtd. ഹെഡ്മാസ്റ്റർ) | 1000 |
| 21. | കെ.എ തോമസ് | 1000 |
| 22. | ശിവശങ്കരപിള്ള ജയശ്രീ മന്ദിരം | 18,000 |
| | മൊത്തം തുക | 6,84,948 |
| 23. | റോട്ടറി ക്ലബ്ബ് ആലപ്പുഴ | : വീൽചെയർ& മരുന്ന് |

## 2016 ഏപ്രിൽ 1 മുതൽ 2017 മാർച്ച് 31 വരെയുള്ള സംഭാവന നൽകിയവരുടെ പേര് വിവരം.

| | |
|---|---|
| 1. രഞ്ജിത്ത് ഗോവിന്ദപണിക്കർ | 4,30,000 |
| 2. സി.പി സുധാകരൻ സാർ & ഗംഗടീച്ചർ സരിതാലയം | 12,000 |
| 3. രാഘവൻ അശോക് മുബൈ | 12,000 |
| 4. ഗോവിന്ദപണിക്കർ വെടിപുരക്കൽ | 67,000 |
| 5. ലാൽജി (ടോറി ഹാരിസ്) ചന്ദ്രികാ സദനം | 15,000 |
| 6. ശിവശങ്കരപിള്ള ജയശ്രീ മന്ദിരം | 54,000 |
| 7. സതീദേവി വരിക്കാശ്ശേരി | 8,000 |
| 8. സതീഷ് കുമാർ തമിഴ്നാട് | 5,000 |
| 9. ഡി. വിജയ ലക്ഷ്മി ടീച്ചർ, ഹരിപ്രിയ | 5000 |
| 10. ഡോ. വി.എൻ.പിള്ള ത്രിവേണി | 5000 |
| 11. സാറമ്മ ജേക്കബ് Rtd. ടീച്ചർ | 4,000 |
| 12. ബോബൻ നിയോ ഫാർമ ആലപ്പുഴ | 3,500 |
| 13. കെ.ലളിതാമ്മ ശാന്തിഭവൻ പുന്നപ്ര | 3,000 |
| 14. ഡോ:ഡാലിയ ശാന്തിഭവൻ | 3,000 |
| 15. ജി.ബാലകൃഷ്ണൻ നായർ പന്തളം | 2,500 |
| 16. അജിത്ത്.ബി അനശ്വര | 3,000 |
| 17. സുരേന്ദ്രൻ.എ ദേവസം പറമ്പ് | 2,000 |
| 18. ടി.ആർഎസ് നായർ രാജീവം | 2,000 |
| 19. ആനി മാത്യൂ Rtd.ടീച്ചർ ചേരിക്കൽ | 1,500 |
| 20. ഡി.ഗോപാല കൃഷ്ണപിള്ള Rtd. പ്രിൻസിപ്പൾ | 1,000 |
| 21. സുമതികുട്ടി അമ്മ കൈതവന | 1,000 |
| 22. ലാലി ജോസഫ് ചൂളയിൽ | 500 |
| 23. പി.എസ് ജോസഫ് പി.വി.സി യൂണിറ്റ് | 500 |
| 24. ഗോപാലകൃഷ്ണപിള്ള കല്ലേലി ദീപ്തി | 2,000 |
| 25. സലിം ബി. B&B. ഓഫ്സെറ്റ് | 300 |
| 26. രാജലക്ഷമി ടീച്ചർ ബാലഭവൻ | 1000 |
| 27. ഇ.കെ വിജയമ്മ പുത്തൻ മഠത്തിൽ | 500 |
| 28. ശൈലമ്മ ചെറിയാൻ മുളക്കാട്ടിൽ | 1000 |
| 29.സരിതാ വാസുദേവ് ചന്ദ്രമംഗലം | 500 |
| 30.ബാങ്ക് പലിശ ഇനത്തിൽ | 1030 |

**2016-17 വർഷത്തെ വരവ് ചിലവ് ഓഡിറ്റിംഗ് നടന്നു വരുന്നു. റിപ്പോർട്ട് അടുത്ത വർഷം പ്രസിദ്ധീകരിക്കുന്നതാണ്.**

## GREESHMA FOUNDATION, MENTAL HEALTH CARE CENTER
## SANATHANAPURAM P.O., KAITHAVANA, ALAPPUZHA

**RECEIPTS AND PAYMENTS ACCOUNT FOR THE YEAR ENDED 31st MARCH 2016**

| | Recipts | Payment |
|---|---|---|
| Capital Fund | 4000.00 | |
| Advance from Aniyappan | 2000.00 | |
| Advance form Vijayalakshmi | 500.00 | |
| Donations | 684948.00 | |
| Bank internet & charges | 645.00 | 83.00 |
| Donation to Mental Health Action Trust | | 24000.00 |
| Advertisment | | 700.00 |
| Electricity charges | | 470.00 |
| Electrical & fittings | | 7820.00 |
| Furniture and house hold articles | | 16085.00 |
| Labour charges | | 4950.00 |
| Legal and professional charges | | 2000.00 |
| Medicine & medical expenses | | 41446.00 |
| Miscellanious expenses | | 9548.00 |
| Name board | | 2500.00 |
| Office expense | | 11636.00 |
| Trust registration | | 16000.00 |
| Postage | | 46.00 |
| Printing and stationary | | 15139.00 |
| Rent | | 72000.00 |
| Repairs and maintanance | | 2550.00 |
| Rent Deposit | | 75000.00 |
| Salaries and allowances | | 247700.00 |
| Telephone charges | | 13795.00 |
| Travelling expenses | | 23078.00 |
| UPS&printer | | 7200.00 |
| Doctor visiting fee | | 29295.00 |
| Website | | 7500.00 |
| **Closing Balance:** | | |
| Cash in Hand:- | 1065.00 | |
| Dhanalakshmi Bank A/c No.43240 | 60486.70 | 61551.70 |
| **TOTAL:-** | 692093.00 | 692093.00 |

ANTONY MALAYIL & CO. ALAPPUZHA

**GREESHMA FOUNDATION, MENTAL HEALTH CARE CENTER**

**SANATHANAPURAM P.O., KAITHAVANA, ALAPPUZHA**

**BALANCE SHEET AS AT 311ST MARCH 2016**

| LIABILITIES | | ₹ | ASSETS | | ₹ |
|---|---|---|---|---|---|
| **Capital Fund:-** | | | **Fixed Assets:-** | | |
| Contribution from Author | 4000.00 | | Furniture and house hold articles | 16085.00 | |
| Add:- Excess of income over expenditure as per Income & Expenditure a/c | 153956.70 | 157956.70 | Electrical items | 7820.00 | 23905.00 |
| | | | Rent deposit | | 75000.00 |
| Loan from Vijayalakshmi | | 500.00 | | | |
| Loan from Aniyappan | | 2000.00 | **Cash and bank balances:-** | | |
| | | | **Cash in hand:-** | **1065.00** | |
| | | | **Dhanalakshmi Bank A/c No. 43240** | **60486.70** | **61551.70** |
| TOTAL:- | | 160456.70 | TOTAL:- | | 160456.70 |

For ANTONY MALAYIL & Co.
CHARTERED ACCOUNTANTS
CA. Antony Mathew M., B.Sc., B.Com., FCA
M. No. 19968, Partner

## GREESHMA FOUNDATION, MENTAL HEALTH CARE CENTER ALAPPUZHA
## SANATHANAPURAM P.O., KAITHAVANA, ALAPPUZHA
## INCOME AND EXPENDITURE ACCOUNT FOR THE YEAR ENTED 31ST MARCH 2016

| EXPENDITURE | | INCOME | |
|---|---|---|---|
| TO Salaries and allowances | 247700.00 | By Donation | 684948.00 |
| To Visiting fee of doctors | 29295.00 | By Interest by Bank | 845.00 |
| To Rent | 72000.00 | | |
| To Medicine and Medical expenses | 41446.00 | | |
| To Donation to Mental Health Action Trust | 24000.00 | | |
| To Office expenses | 11636.00 | | |
| To Electricity Charges | 470.00 | | |
| To Printing and Stationary | 15139.00 | | |
| To Postage | 46.00 | | |
| To Advertisement | 700.00 | | |
| To Labour Charges | 4950.00 | | |
| To Leagal and Professional Charges | 2000.00 | | |
| To Repaire and Maintenance | 2550.00 | | |
| To Telephone charges | 13795.00 | | |
| To UPS&printer | 7200.00 | | |
| To Name board | 2500.00 | | |
| To Travelling expenses | 23078.00 | | |
| To Website | 7500.00 | | |
| To Bank Charges | 83.30 | | |
| To Trust Registration Expenses | 16000.00 | | |
| To Miscellanious expenses | 9548.00 | | |
| To Excess of income over expenditure | 153956.70 | | |
| TOTAL | 685593.00 | TOTAL | 685593.00 |

For ANTONY MALAYIL & Co.
CHARTERED ACCOUNTANTS

## മാനസിക രോഗീപരിചരണത്തിൽ വളണ്ടിയരുടെ പങ്ക്

ശാരീരികമായ ഏതുരോഗങ്ങളും അത് അനുഭവിക്കുന്നവർക്കും കുടുംബത്തിനും മനോവിഷമമുണ്ടാക്കുന്നുണ്ട്. ഹ്രസ്വകാലരോഗങ്ങളുടെ കാര്യത്തിൽ, രോഗം ഭേദമാകുമെന്ന അറിവും പ്രത്യാശയും കുടുംബത്തിൽ നിന്നും സമൂഹത്തിൽ നിന്നും കിട്ടുന്ന പിന്തുണയും കൊണ്ട് താൽക്കാലിക മാനസിക പ്രയാസങ്ങളെ മറികടക്കാൻ സാധിക്കുന്നു. എന്നാൽ, ചികിത്സിച്ചു ഭേദമാക്കാൻ സാധിക്കാത്തവ കാലക്രമേണ മൂർഛിച്ചു വരുന്നു. ദീർഘകാലം നീണ്ടുനിൽക്കുന്ന രോഗങ്ങൾക്ക് അടിമപ്പെട്ടവരുടെ കാര്യത്തിൽ ഇതൊന്നും സഹായമാകുന്നില്ല. അസുഖമായി ബന്ധപ്പെട്ട വേവലാതികളും ഭാവിയെ കുറിച്ചോർത്തുള്ള ഉത്കണ്ഠകളും, സാമ്പത്തിക പ്രശ്നങ്ങളും, ഒറ്റപ്പെടലും, കുടുംബത്തിന്റെ ഭാവിയെകുറിച്ചുള്ള ഭയവും എല്ലാം ചേർന്ന് സങ്കീർണ്ണമായ മാനസിക പ്രശ്നങ്ങളാണ് ഇത്തരം രോഗികളെ വേട്ടയാടുന്നത്.

അസുഖവുമായി ബന്ധപ്പെട്ട് രോഗികൾക്കുള്ള വേവലാതികൾ പലതരത്തിലുണ്ട്. *തന്റെ അസുഖം ഭേദമാകുമോ? ചികിത്സിച്ചിട്ട് പ്രയോജനമുണ്ടോ? മരണത്തിലേക്കാണോ ഈ രോഗം തന്നെ നയിക്കുന്നത്? ഭാവിയിൽ കൂടുതൽ ബുദ്ധിമുട്ടുകളുണ്ടാവുമോ? അവസാനകാലം എങ്ങനെയായിരിക്കും? എന്തുകൊണ്ടാണ് തനിക്കിങ്ങനെ ഒരു രോഗം വന്നത്? തന്റെ തന്നെ പ്രവൃത്തിദോഷമാണോ ഇതിലേക്കു നയിച്ചചത്? താൻ കുടുംബത്തിനുതന്നെ ഒരു ഭാരമായി മാറിയിരിക്കുന്നുവോ?* തുടങ്ങി ഒട്ടനവധി ചോദ്യങ്ങൾ രോഗിയെ വലക്കുന്നു. കാൻസർ പോലുള്ള രോഗങ്ങളുടെ കാര്യത്തിൽ ഈ ചോദ്യങ്ങൾക്ക് പതിന്മടങ്ങ് ശക്തിയുണ്ട്. കുറ്റബോധം, നിരാശ, ഉത്കണ്ഠ, ഭയം, ദേഷ്യം, വെറുപ്പ്, വിഷാദം തുടങ്ങിയ പല വികാരങ്ങളും ഇവയെ അനുഗമിക്കുന്നു.

അസുഖവും ചികിത്സയും കുടുംബത്തിനുവരുത്തിവെക്കുന്ന സാമ്പത്തിക പ്രയാസങ്ങളെക്കുറിച്ച് രോഗി ബോധവാനാണ്. അല്ലെങ്കിൽത്തന്നെ ദാരിദ്രത്തിലും കടബാധ്യതയിലും പെട്ട് ഉഴലുന്ന കുടുംബമാണെങ്കിൽ പറയാനുമില്ല. നിത്യരോഗിയുള്ള കുടുംബത്തിലെ മറ്റു മുതിർന്ന അംഗങ്ങൾക്കും ജോലിക്ക് പോകാൻ പറ്റാത്ത അവസ്ഥവരുന്നു. പ്രത്യേകിച്ചും നീണ്ടുനിൽക്കുന്ന ചികിത്സകൾ ആവശ്യമാണെങ്കിൽ; ആശുപത്രിവാസം, മരുന്നുകളുടെ ചിലവ്, യാത്രാചിലവ് തുടങ്ങിയവയെല്ലാം കൂടി വരുത്തിവെക്കുന്ന കടക്കെണി നമ്മുടെ സമൂഹത്തിൽ

നല്ലൊരു പങ്ക് രോഗികളും അനുഭവിക്കുന്നുണ്ട്. കുടുംബത്തിന്റെ ദൈനംദിന ചിലവുകളും കുട്ടികളുടെ വിദ്യാഭ്യാസവും വിവാഹവും ഒക്കെ മുടങ്ങുന്ന അവസ്ഥക്ക് കാരണക്കാരൻ താനാണല്ലോ എന്ന കുറ്റബോധം രോഗിക്ക് ഉണ്ടാവുന്നു.

കുടുംബങ്ങളിൽനിന്നും ബന്ധുക്കളിൽനിന്നും കിട്ടുന്ന പന്തുണ ശക്തമല്ലെങ്കിൽ രോഗി മാനസികമായി പെട്ടെന്ന് തളരുന്നു. ശുഭചിന്തകൾ നഷ്ടപ്പെടുന്ന രോഗിക്ക് കുടുംബത്തിൽനിന്ന് ലഭിക്കുന്ന സ്നേഹത്തെയും പിന്തുണയെയും കുറിച്ച് അകാരണമായും സംശയമുണ്ടായെന്നുവരാം. രോഗിയുടെ ഈ ചിന്തകളും പെരുമാറ്റവും കുടുംബാംഗങ്ങളെ കൂടുതൽ വിഷമിപ്പിക്കുന്നു.

രോഗത്തിന്റെ തുടക്കത്തിൽ സുഹൃത്തുക്കളിൽ നിന്നും അയൽക്കാരിൽ നിന്നും കിട്ടുന്ന ശ്രദ്ധയും സന്ദർശനങ്ങളും സ്വാഭാവികമായും കാലം പിന്നിടുമ്പോൾ കുറഞ്ഞുവരുന്നു. ഒറ്റപ്പെടലും ഏകാന്തതയും നാരാശയും എല്ലാംതന്നെ രോഗിയിൽ അശുഭചിന്തകൾ വർദ്ധിക്കാൻ കാരണമാകുന്നു. താൻ ആർക്കും വേണ്ടാത്തവനാണെന്ന ചിന്തയും അവമതിപ്പും രോഗിയുടെ തകർച്ചക്ക് ആക്കം കൂട്ടുന്നു.

രോഗവുമായും മരണവുമായും ബന്ധപ്പെട്ട് ആത്മീയതലത്തിലുള്ള ചിലപ്രശ്നങ്ങൾകൂടി ഉയർന്നുവരുന്നുണ്ട്. പിന്നീട് ജീവിതത്തെക്കുറിച്ചുള്ള സ്വയം വിചാരണകളും കുറ്റബോധവും മരണത്തേയും മരണാനന്തരജീവിതത്തെയും കുറിച്ചുള്ള ഉത്തരമില്ലാത്ത ചോദ്യങ്ങളും രോഗിയെ വേട്ടയാടുന്നു. തന്നെ നീതിരഹിതമായി ശിക്ഷിച്ച ദൈവത്തെക്കുറിച്ചുള്ള അമർഷവും ഇതേ ചിന്ത പിന്നീട് ഉളവാക്കുന്ന കുറ്റ ബോധവും പലരിലും കാണാറുണ്ട്.

ഈ പ്രശ്നത്തിൽ പലതിനും വ്യക്തമായ ഒരുത്തരം കൊടുക്കാനോ പരിഹാരം നിർദ്ദേശിക്കാനോ നമുക്ക് കഴിഞ്ഞില്ലെന്നുവരും. രോഗിയെ കഴിയുമ്പോഴൊക്കെ സന്ദർശിക്കുകയും അയാളുടെകൂടെ ഇരിക്കുകയും അയാളെ ശ്രദ്ധയോടെ കേൾക്കുകയും ചെയ്യുക എന്നതാണ് നമുക്ക് കഴിയുന്ന ഏറ്റവും വലിയ കാര്യം. പല പ്രശ്നങ്ങൾക്കും രോഗിയെ സഹായിക്കുക എന്നതാണ് ഒരു നല്ല സുഹൃത്ത് എന്ന നിലയിൽ നമുക്ക് ചെയ്യാനുള്ളത്. തന്നെ മനസ്സിലാക്കാൻ കഴിവുള്ള ആളുകൾ സമീപത്തുണ്ടെന്ന അറിവ് രോഗിക്ക് വളരെ ആശ്വാസം പകരും.

## രോഗിയുമായി സംസാരിക്കുമ്പോൾ

ഫലപ്രദമായ ആശയവിനിമയം മരുന്നിനേക്കാൾ രോഗിക്ക് ആശ്വാസം പകരാറുണ്ട് എന്നത് ഒരു വസ്തുതയാണ്. താൻ ഈ ലോകത്തിന് വേണ്ടപ്പെട്ടവനാണെന്നും അന്തസ്സും വിലയുമുള്ളവനാണെന്നും, എന്തുവന്നാലും ഉപേക്ഷിക്കപ്പെടുകയില്ലെന്നും ഉള്ള തോന്നലാണ് രോഗിയിൽ ഉളവാക്കേണ്ടത്. ഇത് വാക്കുകൾകൊണ്ട് മാത്രം കൈമാറാവുന്ന സന്ദേശമല്ല. സാമീപ്യം, സ്പർശനം, ശരീരഭാഷ ഇവയെല്ലാം പ്രധാനമാണ്. രോഗിക്കും കുടുംബത്തിനും തെറ്റിദ്ധാരണ ഉണ്ടാവാനും വിശ്വാസം നഷ്ടപ്പെടാനും ഇടയാവാതെ നോക്കുക. നമ്മുടെ അഭിപ്രായങ്ങൾ രോഗിക്ക് കേൾപ്പിച്ചുകൊടുക്കാനോ അടിച്ചേൽപ്പിക്കാനോ അല്ല, മറിച്ച് രോഗിക്ക് പറയാനുള്ളത് പൂർണ്ണമായും കേൾക്കാനും മനസ്സിലാക്കാനുമാണ് നാം ശ്രമിക്കേണ്ടത് എന്ന ബോധം നമുക്ക് വേണം

## നമുക്ക് ചെയ്യാവുന്നത്

1. ശ്രദ്ധയോടെ കേൾക്കുക. നല്ല ശ്രോതാവായി ഇരിക്കുക.
2. രോഗിയുടെ പ്രശ്നങ്ങൾ ലഘൂകരിച്ച് കാണാതിരിക്കുക.
3. സ്വന്തം വിശ്വാസങ്ങൾ രോഗിയുടെ മേൽ അടിച്ചേൽപ്പിക്കാതിരിക്കുക.
4. രോഗിയുടെ ചോദ്യങ്ങൾ അവഗണിക്കരുത്.
5. നിറവേറ്റാനാവാത്ത വാഗ്ദാനങ്ങൾ നൽകരുത്.
6. പൊള്ളയായ ശുഭപ്രതീക്ഷകൾ രോഗിയിൽ കുത്തിനിറക്കാൻ ശ്രമിക്കരുത്.
7. സ്വകാര്യത ഉറപ്പു വരുത്തുക.
8. രോഗിയെ സംസാരിക്കാൻ നിർബന്ധികരുത്.

നിങ്ങളുടെ പങ്കാളിത്തം

ഈ സംരംഭത്തിന് ഉദാരമതികളായ സുമനസ്സുകളുടെ ആത്മാർത്ഥമായ സഹായ സഹകരണങ്ങളാണ് ഞങ്ങൾ പ്രതീക്ഷിക്കുന്നത്. നമുക്കൊരുമിച്ച് നമ്മുടെ സമൂഹത്തിൽ മാനസ്സിക ദുരിതം അനുഭവിക്കുന്നവർക്കായി പ്രവർത്തിക്കാം. താങ്കളുടെ ഏതു സഹായവും വിലപ്പെട്ടതാണ്. അതിലൂടെ ചിലർക്കെങ്കിലും സാധാരണ ജീവിതത്തിലേക്ക് മടങ്ങിവരുവാൻ കഴിയുമെങ്കിൽ നാം കൃതാർത്ഥരായി. അതിനായി നമുക്ക് കൈകോർക്കാം. ഞങ്ങളുടെ ക്ലിനിക്ക് സന്ദർശിക്കുവാനും താങ്കളെ ക്ഷണിച്ചുകൊള്ളുന്നു. ഉദാരമയ സാമ്പത്തിക സഹായം നൽകി ഈ സംരംഭത്തെ പ്രോത്സാഹിപ്പിക്കണം എന്നഭ്യർത്ഥിക്കുന്നു.

## ഞങ്ങളുടെ പ്രവർത്തനങ്ങളിൽ നിങ്ങൾക്കും പങ്കാളികളാവാം, സഹായിക്കാം

- ഒരു രോഗിക്ക് ഒരു മാസം മരുന്നിന് ചിലവാകുന്ന ആയിരം രൂപ (Rs.1000 per patient) സ്പോൺസർ ചെയ്യാം
- ഡേ കെയറിലേയ്ക്ക് ഉച്ചഭക്ഷണം സ്പോൺസർ ചെയ്യാം.
- നിങ്ങൾക്ക് ഇഷ്ടമുള്ള തുക സഹായം നൽകാം.
- ഒരു വാളിയർ ആയി ഞങ്ങളോടൊപ്പം ചേർന്ന് പാവപ്പെട്ടവരായ രോഗികളെ സഹായിക്കാം
- രോഗികളുടെ വീട്ടിൽ ചെന്നുള്ള പരിചരണത്തിൽ ഞങ്ങളോടൊപ്പം സഹകരിക്കാം.

നിങ്ങളുടെ സംഭാവനകൾ ചെക്കുകളായോ ബാങ്ക് മുഖേനയോ
Greeshma Foundation എന്ന പേരിൽ നൽകാം

| | | |
|---|---|---|
| Account No | : | 00950010014324O |
| IFSC Code | : | DLXB0000095 |
| Bank | : | Dhanalaxmi Bank Alappuzha. |
| Contact us | : | 0477-2251988 / 9495162887 |

Email:greeshmafoundationalappuzha@gmail.com
Web site : www.facebook.com/greeshmafoundation
in association with MHAT (Mental Health Action Trust, Calicut)